# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2962      10.05.2017 ൽ മറുപടിയ്ക്ക്

## പോലീസ് സ്റ്റേഷനുകൾ ജനങ്ങളെ ഭയചകിതരാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നിർദ്ദേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മിഷേൽ ഷാജി എന്ന പെൺകുട്ടിയെ കാണാനില്ല എന്ന പരാതിയുമായി എറണാകുളത്തെ മൂന്ന് പോലീസ് സ്റ്റേഷനുകളിൽ കയറിയിറങ്ങിയ രക്ഷിതാക്കൾക്ക് നേരിടേണ്ടി വന്ന ദുരനുഭവം സംസ്ഥാന പോലീസിന് കളങ്കം ഉണ്ടാക്കിയതായി കരുതുന്നുണ്ടോ; | (എ) മിഷേൽ ഷാജിയെ കാണാതായി എന്നു പറഞ്ഞ് വനിതാ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ ആവശ്യമായി നിയമ നടപടികൾ സ്വീകരിക്കാത്തതിന് ഡബ്ല്യു.സി.പി.ഒ. ബീനാ ജോസഫിനേയും ഇതേ പരാതിയുമായി എറണാകുളം നോർത്ത് സ്റ്റേഷനിൽ ഹാജരായപ്പോൾ പരാതി കേട്ട് ആവശ്യമായ നിയമ നടപടി സ്വീകരിക്കാതെ കൃത്യവിലോപം കാണിച്ചു എന്നതിന് സീനിയർ സി.പി.ഒ. പ്രദീപിനേയും പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ നിന്നും ശിക്ഷാ നടപടികളുടെ ഭാഗമായി സ്ഥലം മാറ്റിയിട്ടുണ്ട്.<br>ഇതിനു പുറമേ മിഷേൽ ഷാജിയെ കാണാതായ സംഭവ സ്ഥലം ഉൾപ്പെട്ട സെൻട്രൽ പോലീസ് സ്റ്റേഷനിൽ പരാതി സ്വീകരിച്ച് ആവശ്യമായ അന്വേഷണം നടത്തി എങ്കിലും തൽസമയം കേസ് രജിസ്റ്റർ ചെയ്യാത്ത കാര്യത്തിന്, ജി.ഡി. ചാർജ്ജിലുണ്ടായിരുന്ന സീനിയർ സി.പി.ഒ. അബ്ദുൾ ജലീലിനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാനെതിരെയും എസ്.എച്ച്.ഒ. വിജയ ശങ്കറിനെതിരെയും വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാകുന്നതിന് പകരം ജനങ്ങളെ ഭയചകിതരാക്കുന്ന സാഹചര്യം | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക്, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നിവ നിലവിലുണ്ട്. കൂടാതെ പോലീസ് പൊതുജന ബന്ധം മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ പരിശീലന പരിപാടികൾ ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്. |
| (സി) | സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പോലീസ് അധികാരികൾ ശരിയായ രീതിയിൽതന്നെ നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുമോ? | (സി) | സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീഴ്ച വരുത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.